Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/ 2024/ 1671 (4)

തീയതി : 27.04.2024

# സർക്കുലർ

വിഷയം:- കൈറ്റ് – ഹൈടെക് ലാബ് പദ്ധതി – പ്രൈമറി സ്കൂൾ – ഹൈടെക് ലാബ് പദ്ധതി പ്രകാരം വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ – പുതുക്കൽ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് പദ്ധതി പ്രകാരം 11273 സർക്കാർ, എയിഡഡ് പ്രൈമറി സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) വിതരണം ചെയ്ത ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, യു.എസ്.ബി സ്പീക്കർ, എന്നീ ഉപകരണങ്ങൾക്ക് **29.01.2024 മുതൽ 28.01.2025 വരെ** ഇൻഷ്വറൻസ് പരിരക്ഷ പുതുക്കിയിട്ടുണ്ട്. സ്കൂളുകളിലെ ടി ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ഹൈടെക് ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുന്നത്. പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കുന്നതിനും സൂക്ഷിക്കുന്നതിനും സ്കൂളുകളിൽ പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ ഉപകരണങ്ങൾക്ക് തീപിടുത്തം, മോഷണം, കവർച്ച, പ്രകൃതിക്ഷോഭം (വെള്ളപ്പൊക്കം, ഭൂചലനം മുതലായവ) എന്നിവമൂലം നാശനഷ്ടം സംഭവിച്ചാൽ പ്രസ്തുത വിവരം സ്കൂൾ പരിധിയിലുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും ഉടൻതന്നെ ഇൻഷ്വറൻസ് കമ്പനിയേയും ടെലിഫോൺ മുഖേന അറിയിക്കേണ്ടതാണ് (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in)

3. ഇൻഷ്വറൻസ് ലഭിക്കുന്നതിന് www.kite.kerala.gov.in ൽ notification ൽ ലഭ്യമാക്കിയിട്ടുള്ള ക്ലെയിം ഫോം പൂരിപ്പിച്ച് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR സഹിതം ഇൻഷ്വറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം സംഭവം നടന്ന 14 ദിവസത്തിനകം സ്കൂൾ അധികൃതർ അറിയിക്കേണ്ടതാണ്. ക്ലെയിം യഥാസമയം ലഭ്യമാക്കാത്തപക്ഷം ഇൻഷ്വറൻസ് നിരസിക്കാൻ സാധ്യത ഉണ്ട്. കൂടാതെ ഒറിജിനൽ രേഖകളും സ്കൂൾ കോഡ്, സ്കൂൾ മേൽവിലാസം, പ്രഥമാധ്യാപകരുടെ മൊബൈൽ ഫോൺ നമ്പർ, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് എന്നിവയും United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695010 എന്ന വിലാസത്തിലേയ്ക്ക് തപാലിലും ഇ-മെയിലിലും അയക്കേണ്ടതാണ്.

4. തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങൾക്ക് Fire brigade report, KSEB report, FIR, Final report എന്നിവ ഹാജരാക്കേണ്ടതാണ്.

5. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നത്. ആയതിനാൽ ഈ രേഖകൾക്കായി പോലീസ് സ്റ്റേഷനുമായി സ്കൂൾ അധികൃതരുടെ നിരന്തരമായ ഫോളോഅപ്പ് ചെയ്യേണ്ടതാണ്.

6. ഉപകരണങ്ങൾ സ്കൂൾ കാമ്പസിനുള്ളിലായിരിക്കുമ്പോൾ സംഭവിക്കുന്ന കേടുപാടുകൾക്കു (accidental damage) മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ ലാപ്ടോപ്പ് പോലെയുള്ള ഉപകരണങ്ങൾ നിലവിലുള്ള നിർദേശങ്ങളനുസരിച്ച് സ്കൂൾ അധികൃതരുടെ അനുവാദത്തോടെ കാമ്പസിനു പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. Insurance Company യുടെ പ്രതിനിധികൾ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് സ്കൂൾ സന്ദർശിക്കുമ്പോൾ ആവശ്യമായ സഹായങ്ങൾ നൽകേണ്ടതും ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
ഹൈടെക് ലാബ് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ